ഉത്തരം

(എ) ആവശ്യപ്പെട്ടിരുന്നു.

(ബി) പൊതുമരാമത്തു വകുപ്പിലെ യൂണിറ്റ് സിസ്റ്റം നിറുത്തലാക്കിക്കൊണ്ടുള്ള ഉത്തരവുകൾ പുറപ്പെടുവിക്കുന്നതിനു മുമ്പുതന്നെ സർവ്വീസ് സംഘടനകളുമായി സർക്കാർ കൂടിയാലോചനകൾ നടത്തിയിട്ടുണ്ട്.

എന്നാൽ ഹെൽത്ത് സർവ്വീസിലെ ചില തസ്തികകൾ സ്റ്റാറ്റിസ്റ്റിക് വകുപ്പിലേക്കു മാറ്റിയപ്പോൾ സർവ്വീസ് സംഘടനകളുമായി ചർച്ച നടത്തിയിട്ടില്ല.

(സി) രണ്ടാം പേ കമ്മീഷന്റെ ശുപാർശകളനുസരിച്ചാണ് ഹെൽത്ത് സർവ്വീസിലെ സ്റ്റാറ്റിസ്റ്റിക്കൽ വിഭാഗം ബ്യൂറോ ഓഫ് എക്കണോമിക്സ് ആൻഡ് സ്റ്റാറ്റിസ്റ്റിക്സ് ഡിപ്പാർട്ടുമെന്റുമായി സംയോജിപ്പിക്കുവാനുള്ള ഉത്തരവുകൾ പുറപ്പെടുവിച്ചത്. അതുകൊണ്ട് സർവ്വീസ് സംഘടനകളുമായി പ്രത്യേകമായ ഒരു ചർച്ചയുടെ ആവശ്യമുണ്ടായിരുന്നില്ല.

(ഡി) ഉണ്ട്.

(ഇ) ഈ നടപടികളോട് അനുകൂലമുള്ളവരും എതിർപ്പുള്ളവരുമായി രണ്ടുവിഭാഗം, ജീവനക്കാരിൽ തന്നെ ഉള്ളതുകൊണ്ട് അവർ കോടതിയെ സമീപിക്കേണ്ടിവന്ന സാഹചര്യം ഒഴിവാക്കാൻ സാദ്ധ്യമായിരുന്നില്ല.

സെക്രട്ടേറിയറ്റിലെ വനിതാജീവനക്കാരുടെ സേവനാനുകൂല്യങ്ങൾ

1137 [1816] ശ്രീ. പി. കരുണാകരൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ;

(എ) സെക്രട്ടേറിയറ്റിൽ ജോലി ചെയ്യുന്ന വനിതാ ജീവനക്കാർക്ക് പ്രത്യേകമായി അനുവദിക്കേണ്ട സേവനാനുകൂല്യങ്ങളെപ്പറ്റി അന്വേഷിച്ചു ശുപാർശ ചെയ്യാൻ എന്തെങ്കിലും സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടോ;

(ബി) എങ്കിൽ എന്ത്;

(സി) സർക്കാർ സർവ്വീസിലുള്ള എല്ലാ സ്ത്രീ ജീവനക്കാരെയും ഈ സംവിധാനത്തിന്റെ അന്വേഷണ പരിധിയിൽ ഉൾപ്പെടുത്താതിരിക്കാൻ എന്താണ് കാരണം?

ഉത്തരം

(എ & ബി) സെക്രട്ടേറിയറ്റിലെ വനിതാ ജീവനക്കാരുടെ പ്രത്യേക പ്രശ്നങ്ങളെക്കുറിച്ച് അന്വേഷിച്ച് റിപ്പോർട്ട് സമർപ്പിക്കുവാൻ, സെക്രട്ടേറിയറ്റ് വെൽഫെയർ ആഫീസറെ ഗവൺമെന്റ് നിയോഗിച്ചിട്ടുണ്ട്.

(സി) സെക്രട്ടേറിയറ്റിലായാലും മറ്റു സർക്കാർ സർവ്വീസിലായാലും വനിതാജീവനക്കാരുടെ പ്രശ്നങ്ങൾ ഏതാണ്ട് ഒന്നുതന്നെ ആയിരിക്കുമെന്നതിനാലാണ് എല്ലാ സ്ത്രീ ജീവനക്കാരുടെയും പ്രശ്നങ്ങൾ പ്രസ്തുത അന്വേഷണ പരിധിയിൽപ്പെടുത്തിയിരുന്നത്.

LIBRARY ARCHIVES Kerala Legislative Assembly